**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ വ്യവസായ വികസന പ്രവർത്തനങ്ങളെ ലോകത്തിനു മുമ്പിൽ ശ്രദ്ധേയമാക്കിയ സംരംഭക വർഷം പദ്ധതിക്ക് ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2023 ജനുവരി മാസം ബഹു. പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ സംരംഭകവർഷം പദ്ധതി രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് ആയി അംഗീകരിക്കപ്പെട്ടു. കൂടാതെ സംരംഭകവർഷം പദ്ധതിയെക്കുറിച്ച് ഐ.ഐ.എം ഇൻഡോർ നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ ഈ പദ്ധതി എത്രമാത്രം സംരംഭ മേഖലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കു ന്നതാണ്. ഈ പഠന റിപ്പോർട്ട് വ്യവസായ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ ചില പ്രസക്ത ഭാഗങ്ങൾ താഴെ പറയുന്നു.<br><br>സംരംഭകർക്ക് നൽകിയിട്ടുള്ള പിന്തുണയാണ് സംരംഭകവർഷം പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈ പിന്തുണയെ സംരംഭകർ വളരെയധികം വിലമതിക്കുന്നു. മറ്റൊരു സവിശേഷത വിവിധ പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്ന തിനുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കി എന്നുള്ളതാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന പലിശ സബ്സിഡി പദ്ധതി, കുറഞ്ഞ പലിശ നിരക്കുകളിൽ വായ്പ ലഭ്യമാക്കാൻ സൂക്ഷ്മ സംരംഭകരെ സഹായിച്ചിട്ടുണ്ട്. സർക്കാർ പിന്തുണയുള്ള വായ്പകൾ ബിസിനസ്സ് വികസനത്തിന് ആവശ്യമായ ഫണ്ടിംഗ് നേടാനുള്ള കഴിവ് സംരംഭങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓറിയന്റേഷൻ കാമ്പെയ്നുകൾ സംരംഭകർക്ക് പദ്ധതികൾ ഫലപ്രദമായി മനസ്സിലാക്കാനും അവ പ്രയോജന പ്പെടുത്താനും സഹായിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണ |

| | | | |
|---|---|---|---|
| | | | നൽകുക മാത്രമല്ല അത് വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. സംരംഭകർക്ക് നൽകുന്ന വിവിധ പരിശീലന പരിപാടികളും അതുപോലെ വിപണന സഹായങ്ങളും സംരംഭങ്ങളുടെ സാമ്പത്തിക സാക്ഷരതയും വിപണന തന്ത്രങ്ങളും മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇത് അവരുടെ ബിസിനസ് പ്രവർത്തനങ്ങളും വിപണിയിലെ മത്സരശേഷിയും കൂടുതൽ മെച്ചപ്പെടുത്തി. ഈ പദ്ധതിയെക്കുറിച്ച് ഇൻഡോർ ഐഐഎം നടത്തിയ പഠനം കേരളത്തിനാകെ അഭിമാനകരമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ്. കൂടാതെ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ (ASPA) "നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ" എന്ന അംഗീകാരവും സംരംഭകവർഷം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട് . |
| (ബി) | സംരംഭക വർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സംരംഭക സഭകൾ സംഘടിപ്പിച്ച് വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ നടത്തി വരുന്നു. ഇതിന്റെ സംസ്ഥാന തല ഉത്ഘാടനം 11.12.2024 തീയതിയിൽ നടത്തുകയുണ്ടായി.<br><br>**സംരംഭകസഭയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ**<br><br>1. ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.<br><br>2. സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്കരണം നടത്തുക.<br><br>3. സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷുറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവന ദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| | | | 4. സംരംഭകരിൽ നിന്നും പോളിസി നിർമാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുക.<br><br>5. പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുക.<br><br>6. സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി, അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുക.<br><br>7. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് (LED) പദ്ധതി, മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക.<br><br>8. സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (KSEB, മൈനിങ്&ജിയോളജി, ലേബർ, പരിസ്ഥിതി, ICAI, ലീഡ് ബാങ്ക്, സഹകരണ ബാങ്ക്, മറ്റു ബാങ്കുകൾ etc.) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്തുക.<br><br>9. K-SWIFT Acknowledgement, UDYAM രജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹെൽപ്ഡെസ്ക് സംവിധാനം രൂപീകരിക്കുക.<br><br>സംരംഭകസഭയുടെ ഏകോപനം, അവലോകനം എന്നിവ നടത്തുന്നതിനായി ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് |
| (സി) | നിക്ഷേപ പ്രവർത്തനങ്ങളിൽ സംരംഭക വർഷം പദ്ധതി സംസ്ഥാനത്തുണ്ടാക്കിയ മാറ്റങ്ങളിൽ പ്രചോദിതമായി നിക്ഷേപക വർഷം എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) | നിക്ഷേപക വർഷം എന്ന പദ്ധതിയുടെ ഭാഗമായാണ് നിക്ഷേപ സംഗമം ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ